കളിമണ്ണ് ലഭ്യമാക്കുന്നതിനായി ഓരോ വ്യവസായമേഖലയിലും ബന്ധപ്പെട്ട ആർ.ഡി.ഒ. തഹസീൽദാർ, പഞ്ചായത്ത് പ്രസിഡന്റ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, ഓടു വ്യവസായികളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ കളിമണ്ണ് കൃഷിക്കും പരിസ്ഥിതിക്കും ദോഷകരമാകാതെ ശേഖരിക്കുവാൻ നടപടികളെടുത്തുവരുന്നു.

22 (2170) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉൽപ്പാദനം

ശ്രീ. കെ. ബാബു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉൽപ്പാദനം മാർക്കറ്റിലുള്ള ഡിമാന്റനുസരിച്ച് നടത്തണമെന്ന് പ്രസ്തുത കമ്പനിയിലെ ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ പ്രകാരം പ്രസ്തുത കമ്പനിയിലെ ഉൽപ്പന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഇതുമൂലം കമ്പനിക്ക് നഷ്ടം ഉണ്ടാകാൻ ഇടവന്നിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി)(സി)&(ഡി) ഉദിക്കുന്നില്ല.

23 (2171) കേരള സംസ്ഥാന ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ സ്ഥാപിതശേഷി എത്രയാണ്;

(ബി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഓരോ വർഷവും പ്രസ്തുത സ്ഥാപനം അതിന്റെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വീതം ഉൽപ്പാദനം നടത്തിയിട്ടുണ്ട്;

(സി) ഈ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന് കിട്ടിയ ഓർഡർ പ്രകാരമുള്ള മരുന്ന് മുഴുവൻ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ കാലയളവിൽ ഈ സ്ഥാപനത്തിന് കിട്ടിയ ഓർഡറിന്റെ എത്ര ശതമാനം വീതം സപ്ലൈ ചെയ്യുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല. ഫണ്ടിന്റെ അഭാവവും അസംസ്കൃതവസ്തുക്കൾ കിട്ടാനുള്ള ബുദ്ധിമുട്ടും ആണ് കാരണം.

(ഡി) ഈ കാലയളവിൽ കെ.എസ്.ഡി.പിയ്ക്കു കിട്ടിയ ഓർഡറും സപ്ലൈയും അതിന്റെ ശതമാനവും താഴെചേർക്കുന്നു.

24 (2172) **കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനത്തിന് വിദേശ ഏജൻസികളുടെ സാങ്കേതിക സഹായം**

ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനത്തിന് വിദേശ ഏജൻസികളുടെ സാങ്കേതികസഹായം അത്യന്താപേക്ഷിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സാങ്കേതികവിദ്യ സഹായത്തിന് ഏതൊക്കെ ഏജൻസികളെ സമീപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ രംഗത്ത് ഏറ്റവും ആധുനിക സാങ്കേതികവിദ്യ കൈവശമുള്ള വിദേശ ഏജൻസി ഏതാണെന്നത് സംബന്ധിച്ച ധാരണ ഉണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) തിരുവനന്തപുരം ടൈറ്റാനിയം പ്രോഡക്ടിന്റെ നവീകരണത്തിന് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നത് ആശാസ്യമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനിയുടെ മിനറൽ പ്ലാന്റിന്റെയും സിന്തറ്റിക് റുട്ടൈൽ പ്ലാന്റിന്റെയും പിഗ്മെന്റ് പ്ലാന്റിന്റെയും വികസനത്തിന് വിദേശസാങ്കേതിക സഹായം അത്യന്താപേക്ഷിതമാണെന്ന് കണ്ടതിനാൽ പ്രസ്തുത മേഖലകളിൽ സാങ്കേതികസഹായം അഭ്യർത്ഥിച്ചുകൊണ്ട് പത്രദ്വാരാ പ്രീക്വാളിഫിക്കേഷൻ അഡ്വർടൈസ്മെന്റ് നടത്തിയിട്ടുണ്ട്.

(സി) ആധുനിക സാങ്കേതികവിദ്യയുള്ള അനുയോജ്യമായ ഏജൻസിയെ കണ്ടെത്താൻ നടപടികൾ എടുത്തുവരുന്നു.

(ഡി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ഇപ്പോൾ അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡൈഓക്സൈഡ് മാത്രമാണുണ്ടാക്കുന്നത്. ന്യൂട്രലൈ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പ്രോജക്ട് പാക്കേജ് പദ്ധതി പ്രകാരം വികസന പ്രക്രിയ നടപ്പിലാക്കുന്ന സംഘങ്ങളിൽ കയറ്റുമതി പ്രാധാന്യമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നൽകിവരുന്നു. ഉല്പന്നങ്ങൾക്ക് വിദേശവിപണി ലഭ്യമാക്കുന്നതിന് വിദേശങ്ങളിൽ വിശേഷ വില്പന പ്രദർശനങ്ങളിലും വ്യാപാര മേളകളിലും സംസ്ഥാനത്തിന്റെ പ്രതിനിധികൾ പങ്കെടുക്കുന്നതിനും ഓർഡറുകൾ ലഭ്യമാകുന്നതിനും സാധിക്കുന്നു. വിദേശങ്ങളിൽ വില്പനശാലകൾ സ്ഥാപിച്ച് വിപണനം വിപുലീകരിക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു.

ഈറ്റ-പനമ്പ്

ഈറ്റയെ അടിസ്ഥാനമാക്കി കൂടുതൽ നവീകരണ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾനിലവിലുണ്ട്. യന്ത്രസഹായത്തോടെ ഈറ്റയിൽ നിന്നും തളികൾ വേർപ്പെടുത്തി പനമ്പ് നെയ്ത്ത് കൂടുതൽ സുതാര്യമാക്കുന്നതിനും ശ്രമങ്ങൾ നടന്നുവരുന്നു.

കരകൗശലം

കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് ലഘുയന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒരു നിർമ്മാണ പ്രക്രിയയ്ക്ക് രൂപം നൽകുകയും അതിനോടനുബന്ധിച്ച് കോമൺഫെസിലിറ്റി സർവീസ് സെന്ററിന്റെ നവീകരണവും ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം യു.എൻ.ഡി.പി. സ്കീം പ്രകാരം ഒരു തടി സംരക്ഷണശാലയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിവരുന്നു. 'കെൽപാമിൽ' "പാംലഹർ" എന്നശീതളപാനീയ നിർമ്മാണ പ്ലാന്റിൽ ആട്ടോമാറ്റിക് മെഷീനറികൾ ഉപയോഗിച്ചുവരുന്നു.

കശുവണ്ടി

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരള കശുവണ്ടി വികസന കോർപ്പറേഷനിൽ തോട്ടണ്ടി പ്രോസസ്സ് ചെയ്യുന്നതിനുവേണ്ടി പരമ്പരാഗതമായി തുടരുന്ന വറുപ്പുതല്ലലിനു പകരം കട്ടിംഗ് മെഷീൻ ഉപയോഗിച്ച് പരിപ്പ് വേർപെടുത്തുന്ന സമ്പ്രദായം തുടങ്ങുകയും പരമ്പരാഗതമായ തട്ട്ബോർമ്മയ്ക്ക് പകരം ഇലക്ട്രിക് ബോർമ്മ ഉപയോഗിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന പ്രക്രിയ ആരംഭിക്കുകയും ആധുനിക രീതിയിലുള്ള വാക്വം പാക്കിംഗ് മെഷീൻ ഉപയോഗിച്ച് മൾട്ടിലെയർ പോളിത്തീൻ ബാഗിൽ പരിപ്പ് കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

അനുബന്ധം XII (1)

13-3-2000 ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 23(2171) ന്റെ ഉത്തരം കാണുക)

ഫോർമുലേഷൻ ഡിവിഷൻ

ക്രമ നം	ഉത്തരം ഇനം	യൂണിറ്റ്	സ്ഥാപിത ശേഷി	ഉല്പാദനം (96-97)	%	ഉല്പാദനം (97-98)	%	ഉല്പാദനം (98-99)	%	ഉല്പാദനം (99-2000 ഫെബ്രു. വരെ)	%
1.	ഗുളികകൾ	ലക്ഷം	251.4	1989.89	79.15	4102.83	163.20	2080.04	82.74	1053.88	4192
2.	ഗ്രാനുൾസ്	കി.ഗ്രാം	20000	ഇല്ല	-	-	-	-	-	-	-
3.	പൗഡർ പാക്കറ്റ്		ഇല്ല	430376	-	455670		287645	-	320840	-
4.	കാപ്സ്യൂ										

LIBRARY ARCHIVES Kerala Legislative Assembly

	ശീസ്	ലക്ഷം	149	125.02	83.91	329.44	221.10	171.90	115.37	65.06	43.66
5.	ലികിഡ്സ്	ലക്ഷം	2.50	1.96	78.40	0.90	36.00	0.87	35.00	0.46	18.40
6.	ഇൻജക്ട-ബിൾസ്										
എ.	ബോട്ടിൽസ്	ലക്ഷം	4.5	1.84	40.89	1.94	43.11	3.32	74.00	0.009	0.20
ബി.	വയൽസ്	ലക്ഷം	15.00	7.73	51.53	9.18	61.20	8.29	55.27	3.73	24.87
സി.	ആംപ്യൂൾസ്	ലക്ഷം	60.00	42.82	71.37	34.68	57.88	36.86	61.43	16.99	28.32

അനുബന്ധം XII (2)

13-3-2000 ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 23(2171) ന്റെ ഉത്തരം ഡി കാണുക)

വർഷം	ഓർഡർ കിട്ടിയത് രൂപ. കോടി	സപ്ലേ രൂ. കോടി	ശതമാനം
1996-97	11.00	7.52	68.36
1997-98	18.50	14.53	80.72
1998-99	15.00	6.21	41.40
1999-2000	5.90	2.56	43.39

അനുബന്ധം XIII (1)

13-3-2000-ത്തിലെ (നക്ഷത്രചിഹ്നമിടാത്ത ചോദ്യം 27 (2175) ന്റെ ഉത്തരം കാണുക)

THE TRAVANCORE SUGARS & CHEMICALS LTD., TIRUVALLA – 4

1 A I.M.F.L. SALES DETAILS FROM 1.01.1998 to 29.02.2000

	1998		*1999*		*2000*	
	Quantity	*Value*	*Quantity*	*Value*	*Quantity*	*Value*
January	4050	9,53,200.00	5500	14,53,500.00	-	-
February	3000	6,96,000.00	5000	13,29,500.00	-	-
March	5000	11,44,800.00	3000	7,80,000.00	-	-
April	3500	7,97,400.00	1000	2,39,000.00	-	-
May	6500	14,82,000.00	14050	34,03,700.00	-	-
June	10000	26,16,350.00	11025	26,98,975.00	-	-
July	7500	19,59,500.00	15500	37,29,500.00	-	-
August	12000	32,04,000.00	8105	19,67,995.00	-	-
Sept.	2500	6,62,500.00	12575	31,52,825.00	-	-
Octo.	9040	23,96,380.00	8500	20,69,500.00	-	-
Nov.	10000	26,36,000.00	8000	19,41,000.00	-	-
Dece.	5000	12,75,000.00	21050	50,62,050.00	-	-
Total	78090	1,98,23,130.00	113305	2,78,27,545.00	-	-

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII (I) തുടർച്ച

THE TRAVANCORE SUGARS & CHEMICALS LTD., TIRUVALLA – 4

1B PRODUCTION OF I.M.F.L. FROM 1.01.1998 to 29.02.2000

Month	750ml.	375ml.	180ml.	Production	Despatch C/s.
JAWAN XXX SPECIAL RUM.					
January,1998	-	-	-	-	-
February, 98	512	999	-	1511	3000
March, 98	4596	2397	8	7001	5000
April,98	1399	2456	2	2857	3500
May,98	6345	3268	11	9624	6500
June,98	6199	3810	10	10019	6045
July,98	2996	3100	6	6102	7500
August,98	4892	5094	10	10001	12000
September,98	3355	7889	11	11255	2500
October,98	2499	140	3	2642	9040
November,98	6599	999	207	7805	10000
December,98	7136	-	7	7143	4500
January,1999	1216	1802	1756	4774	5500
February,1999	356	-	-	-	5500
March,99	-	-	-	-	3000
April,99	2719	278	4	3001	1000
May,99	13410	2443	12	15865	14050
June,99	6325	1193	1010	8528	11025
July,99	14941	1862	118	16921	14500
August,99	9475	1982	787	12244	9105
September,99	1817	1509	2281	5607	12075
October,99	8676	2087	609	11372	8000
November,99	5278	405	1009	6692	9000
December,99	19307	-	-	19307	20050
January,2000	673	4074	1641	6388	1000
February,2000	1998	-	808	2806	NIL
SPECIAL STATE BRANDY					
June,1998	2799	1197	4	4000	3955

1147/2010.

LIBRARY ARCHIVES Kerala Legislative Assembly